ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സ്വയം പര്യാപ്തമായ ഇന്ത്യയ്ക്കായാണ് കേന്ദ്ര സർക്കാർ പരിശ്രമിക്കുന്നതെന്ന് രാജ്യസഭയിൽ ബജറ്റ് ചർച്ചകൾക്ക് മറുപടി നൽകിക്കൊണ്ട് ധനമന്ത്രി നിർമല സീതാരാമൻ.

   **Replying to a discussion on Union Budget in the Rajya Sabha, Union Finance Minister Nirmala Sitharaman today said that the government is working for a resilient and self-reliant India by giving a push to economic growth and ensuring inclusive development.**

2. ഇൻഡസ്ട്രിയൽ റിലേഷൻസ് നിയമ ഭേദഗതി ബിൽ പാർലമെൻറ് പാസ്സാക്കി. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നിയമഭേദഗതികളാണ് ബില്ലിലുള്ളതെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ.

   **The Parliament has passed the Industrial Relations Code (Amendment) Bill, 2026.**

3. ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിൻറെ അനാച്ഛാദനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവഹിക്കും.

   **Prime Minister Narendra Modi will unveil the name of the building complex Seva Teerth in the National Capital tomorrow.**

4. കേരളത്തിൽ നിന്നുള്ള ബി.ജെ.പി കൗൺസിലർമാരുടെ സംഘം പ്രധാനമന്ത്രിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

**Prime Minister Narendra Modi today interacted with elected BJP councilors from Kerala in New Delhi.**

5. കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. ദർശനപുണ്യം തേടി ആയിരങ്ങൾ സന്നിധാനത്ത്.

**The Sabarimala temple has been opened for the Kumbham month poojas.**

6. ഐ.സി.സി പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ നമീബിയയെ നേരിടുന്നു.

**In the ICC Men's T20 Cricket World Cup, India is facing Namibia.**

☸☸☸☸☸☸☸☸☸☸☸☸☸

## RS-BUDGET DISCUSSION (INTRO)

സ്വയം പര്യാപ്തമായ ഇന്ത്യയ്ക്കായാണ് കേന്ദ്ര സർക്കാർ പരിശ്രമിക്കുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. സാമ്പത്തിക വളർച്ചയ്ക്കും, സമഗ്ര വികസനത്തിനും സർക്കാർ പ്രചോദനം പകരുന്നതായും രാജ്യസഭയിൽ ബജറ്റ് ചർച്ചകൾക്ക് മറുപടി നൽകിക്കൊണ്ട് ധനമന്ത്രി പറഞ്ഞു. 2025-26 ൽ 7.4 ശതമാനം ജി.ഡി.പി വളർച്ചയാണ് രാജ്യം പ്രതീക്ഷിക്കുന്നതെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

(ഹോൾഡ്)

വരും വർഷങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, വായ്പ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ബജറ്റിൽ പ്രാധാന്യം നൽകുന്നു.

നിർമാണ മേഖലയ്ക്ക് ബജറ്റ് കരുത്തു പകരുന്നതായി പറഞ്ഞ ധനമന്ത്രി ബയോഫാർമ, സെമികണ്ടക്ടർ, അപൂർവ്വ ധാതു ഇടനാഴി, എംഎസ്എംഇ തുടങ്ങിയ മേഖലകൾക്ക് പ്രത്യേക പ്രാധാന്യം ബജറ്റിൽ നൽകിയിരിക്കുന്നതായും അറിയിച്ചു. ക്ഷേമപദ്ധതികളുടെ വിഹിതം വെട്ടിക്കുറച്ചെന്ന പ്രതിപക്ഷ ആരോപണം ശരിയല്ലെന്നും മധ്യ വർഗത്തിന് ഗുണകരമായ തരം സാമ്പത്തിക പരിഷ്കാരങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

## LS- INDUSTRIAL CODE

ഇൻഡസ്ട്രിയൽ റിലേഷൻസ് നിയമ ഭേദഗതി ബിൽ, 2026 പാർലമെൻറ് പാസാക്കി. ലോക്സഭ പാസ്സാക്കിയ ബില്ലിന് പിന്നീട് രാജ്യസഭയും അംഗീകാരം നൽകുകയായിരുന്നു. കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യയാണ് ബിൽ ഇരു സഭകളിലും അവതരിപ്പിച്ചത്. ഇത് സംബന്ധിച്ച 2020-ലെ നിയമം ഭേദഗതി ചെയ്യാനുദ്ദേശിച്ചുള്ളതാണ് നിർദിഷ്ട ബിൽ. ഈ നിയമം തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതാണെന്ന് 17 ദേശീയ തൊഴിലാളി സംഘടനകൾ വ്യക്തമാക്കിയിട്ടുണ്ടെന്ന് ചർച്ചകൾക്ക് മറുപടി നൽകിക്കൊണ്ട് ശ്രീ മൻസുഖ് മാണ്ഡവ്യ പറഞ്ഞു. വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് അടിസ്ഥാന വേതനം ഉറപ്പാക്കുന്നതിനൊപ്പം, സ്ത്രീ-പുരുഷ ഭേദമന്യേ തുല്യവേതനം കൃത്യസമയത്ത് ലഭ്യമാക്കുമെന്നും നിയമം ഉറപ്പുനൽകുന്നു. ബില്ലിനെ എതിർത്ത് സംസാരിച്ച കോൺഗ്രസ് എംപി കൊടിക്കുന്നിൽ സുരേഷ് തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിന് പകരം സർക്കാർ അത് ദുർബലപ്പെടുത്തുകയാണെന്ന് ആരോപിച്ചു. എന്നാൽ ബിൽ രാജ്യത്തെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുമെന്നും വ്യവസായങ്ങൾ സുഗമമായി നടത്തുന്നതിന്

സഹായിക്കുമെന്നും ബി.ജെ.പി അംഗം ദർശൻ സിംഗ് ചൗധരി പറഞ്ഞു. ബിൽ പാസാക്കിയ ശേഷം ഇരു സഭകളും ഇ ന്നത്തേക്ക് പിരിഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## RS -JITENDRA SINGH

കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ രാജ്യത്തെ ന്യൂക്ലിയർ റിയാക്ടറുകളുടെ ശേഷി ഗണ്യമായി വർധിച്ചതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. 2014 ൽ കേവലം 4,780 മെഗാവാട്ട് മാത്രമായിരുന്ന ആണവ ശേഷി, ഇപ്പോൾ 8,780 മെഗാവാട്ടിൽ എത്തിയതായും അദ്ദേഹം രാജ്യസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു. .തമിഴ്നാട്ടിലെ കൂടംകുളം ആണവ നിലയത്തിന്റെ മൂന്നും നാലും യൂണിറ്റുകൾ ഈ വർഷവും അടുത്തവർഷവുമായി സജ്ജമാകുമെന്ന് കേന്ദ്രസഹമന്ത്രി അറിയിച്ചു

☸☸☸☸☸☸☸☸☸☸☸☸☸

## PM SEVATHEERTH

ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിൻറെ അനാച്ഛാദനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവഹിക്കും. പ്രധാനമന്ത്രിയുടെ ഓഫീസ്, ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റ്, കാബിനറ്റ് സെക്രട്ടേറിയറ്റ് തുടങ്ങിയവയാണ് സേവാ തീർത്ഥിൽ പ്രവർത്തിക്കുന്നത്. തുടർന്ന് സുപ്രധാന മന്ത്രാലയങ്ങളെ ഉൾക്കൊള്ളുന്ന കർത്തവ്യ ഭവൻ ഒന്നും രണ്ടും പ്രധാനമന്ത്രി ഔപചാരികമായി ഉദ്ഘാടനം ചെയ്യും. വൈകുന്നേരം സേവാ തീർത്ഥിൽ നടക്കുന്ന പൊതുപരിപാടിയെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA COUNCILLORS- DELHI (INTRO)

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ന്യൂ ഡൽഹിയിൽ എത്തിയ കേരളത്തിൽ നിന്നുള്ള ബിജെപി കൗൺസിലർമാരുടെ സംഘം പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. ലോക് കല്യാൺ മാർഗിലെ പ്രധാനമന്ത്രിയുടെ വസതിയിലായിരുന്നു കൂടിക്കാഴ്ച. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ, കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാൽ എന്നിവരുൾപ്പെടെയുള്ള നേതാക്കളുമായും സംഘം കൂടിക്കാഴ്ച നടത്തിയതായി തിരുവനന്തപുരം മേയർ വി.വി.രാജേഷ് അറിയിച്ചു. കേരളത്തിൽ വികസന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## DAC RAFALE

ഇന്ത്യൻ സായുധ സേനകളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി 3.60 ലക്ഷം കോടി രൂപയുടെ സംഭരണ നിർദ്ദേശങ്ങൾക്ക് അനുമതി നൽകി പ്രതിരോധ സംഭരണ കൗൺസിൽ. വ്യോമസേനയ്ക്കായി റഫാൽ മൾട്ടി റോൾ യുദ്ധവിമാനം, മിസൈലുകൾ, ഹൈ ആൾറ്റിട്യൂഡ് സ്യൂഡോ സാറ്റലൈറ്റ് എന്നിവ സംഭരിക്കുന്നതിനാണ് ഡി.എ.സി അനുമതി നൽകിയത്. റഫാൽ **MRFA** യുദ്ധവിമാനങ്ങളിൽ ഏറിയ പങ്കും ഇന്ത്യയിൽ തന്നെ നിർമിക്കാനാണ് ധാരണ.

❁❁❁❁❁❁❁❁❁❁❁❁❁

## DEFENCE-HAL CONTRACT

ഡോർണിയർ 228 വിഭാഗത്തിലെ എട്ട് വിമാനങ്ങൾ വാങ്ങുന്നതിനായി പ്രതിരോധ മന്ത്രാലയം ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡുമായി കരാറിൽ ഒപ്പിട്ടു. 2,312 കോടി രൂപയുടെ കരാറിൽ തീര സംരക്ഷണ സേനയ്ക്കാവശ്യമായ ഉപകരണങ്ങളും ഉൾപ്പെടുന്നതായി മന്ത്രാലയം അറിയിച്ചു.

## CORRESPONDENT APPLICATION

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ ഈ മാസം 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്തിന് 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **newsonair.gov.in**, **prasarbharati.gov.in/pbvacancies/** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

## SABARIMALA

കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. ദേശീയ പണി മുടക്കിൽ നിന്നു ശബരിമല തീർഥാടകരെ ഒഴിവാക്കിയിട്ടുള്ളതിനാൽ പമ്പയിലേക്കുള്ള കെഎസ്ആർടിസി ബസുകളും പമ്പ- നിലയ്ക്കൽ ചെയിൻ സർവീസും തടസ്സമില്ലാതെ സർവീസ് നടത്തുന്നുണ്ട്. കുംഭമൊന്നായ നാളെ രാവിലെ അഞ്ചിനാണ് നട തുറക്കുക. കുംഭമാസ പൂജകൾ പൂർത്തിയാക്കി 17ന് നട അടയ്ക്കും.

## TEXT BOOK DISTRIBUTION

അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണവും സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയും മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഉച്ചക്കട പട്ടം സെൻ്റ് മേരീസ് സ്കൂളിലാണ് ഉദ്ഘാടനചടങ്ങ്. ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്കുള്ള പാഠപുസ്തകങ്ങളാണ് വിതരണം ചെയ്യുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## PRADHAN AI (INTRO)

വിദ്യാഭ്യാസ മേഖലയിൽ നിർമിത ബുദ്ധിയുടെ ഉപയോഗം സർക്കാർ ശക്തിപ്പെടുത്തി വരികയാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. ഡൽഹിയിൽ ഭാരത് ബോധൻ **AI** കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്ത് **AI** വിപുലമാക്കാനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണെന്നും, ഓരോ വിദ്യാർത്ഥിക്കും **AI** സാക്ഷരത അനിവാര്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## MEA-BRIEFING

ബ്രസീൽ പ്രസിഡൻ്റ് ലുല ഡാ സിൽവ അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 18 ന് ഇന്ത്യയിലെത്തും. ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ-എഐ ഇംപാക്ട് ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

## CRICKET

ഐസിസി പുരുഷ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ നമീബിയയക്ക് എതിരെ ഇന്ത്യയുടെ ബാറ്റിങ്ങ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 6 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 86 റൺസ് എന്ന നിലയിലാണ്. ഓപ്പണറായി കളിക്കളത്തിലിറങ്ങിയ സഞ്ജു സാംസൺ 22 റൺസിന് പുറത്തായി. എട്ട് പന്തിൽ മൂന്ന് സിക്സും ഒരു ഫോറും സഞ്ജു നേടി. ഡൽഹിയിലാണ് മത്സരം പുരോഗമിക്കുന്നത്. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ഒമാനെതിരെ ശ്രീലങ്ക 105 റൺസിന് വിജയിച്ചു. രണ്ടാം മത്സരത്തിൽ ഇറ്റലി 10 വിക്കറ്റിന് നേപ്പാളിനെ പരാജയപ്പെടുത്തി.

## RAILWAY–CORRIDOR

കേന്ദ്ര ബജറ്റിൽ ഇത്തവണ പ്രഖ്യാപിച്ച ഡങ്കുനി- സൂറത്ത് സമർപ്പിത ചരക്ക് ഇടനാഴിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കി ഇന്ത്യൻ റെയിൽവേ. 2,100 കിലോമീറ്റർ ദൈർഘ്യമുള്ള ഇടനാഴി പശ്ചിമബംഗാൾ, ഝാർഖണ്ഡ്, ഒഡീഷ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലൂടെയാണ് കടന്നുപോകുന്നത്.

## GOYAL–INDOVATION PROGRAMME

സാങ്കേതികവിദ്യയുടെ കാര്യത്തിൽ ഇന്ത്യ മുൻനിരയിലാണെന്നും സർക്കാരും സ്വകാര്യ മേഖലയും യുവാക്കളുടെ നവീന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുമ്പോൾ മാത്രമേ പുരോഗതി സാധ്യമാകൂ എന്നും കേന്ദ്രമന്ത്രി പിയൂഷ്

ഗോയൽ. ന്യൂഡൽഹിയിൽ നടന്ന സ്റ്റാർട്ട് അപ് പ്രോഗ്രാമിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ വ്യാപാര കരാറുകളിലൂടെ രാജ്യം വലിയ വിപണികൾ തുറന്നിട്ടുണ്ടെന്നും രാജ്യത്തിന്റെ സ്റ്റാർട്ടപ്പ് ശൃംഖല, പുരോഗതിയിടെ പാതയിലാണെന്നും ശ്രീ ഗോയൽ പറഞ്ഞു